(സി) ഏതെല്ലാം കമ്പനികളുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതിനകം ചെലവാക്കിയ തുക എത്ര യാണെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇൻഷ്വറൻസ് പദ്ധതിയുടെ അടിസ്ഥാന സവിശേഷതകളിൽ ഒരു തീരുമാന മായിക്കഴിഞ്ഞിട്ട് മറ്റു ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇതിനുള്ള നിർദ്ദേശം ക്ഷണിക്കുന്നതാണ്. പ്രാരംഭ ദിശയിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നും കേന്ദ്രഗവൺമെന്റ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നുമാണ് ലഭിച്ചിട്ടുള്ളത്. ഇവ പരിശോധിച്ചുവരുന്നു.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

സർവ്വോദയ സംഘങ്ങൾ

8 [*298] ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു :
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വോദയ സംഘങ്ങളുടെ കീഴിൽ എത്ര ഖാദി നിർമ്മാണ യൂണിറ്റുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സർവ്വോദയ സംഘം ഉത്പാദിപ്പിക്കുന്ന ഖാദിത്തുണികൾ സംസ്ഥാനത്തെ ഖാദി വിപണനകേന്ദ്രങ്ങളിൽ വിറ്റഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) സർവ്വോദയ സംഘം ഉത്പാദിപ്പിക്കുന്ന ഖാദി തുണികളുടെ ഗുണമേന്മ പരിശോധിച്ച് ആവശ്യമായ പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) & (ബി) സംസ്ഥാനത്ത് സർവ്വോദയ സംഘങ്ങളുടെ കീഴിൽ 162 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ഇവ പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്. സർവ്വോദയ സംഘം ഉത്പാദിപ്പിക്കുന്ന ഖാദിത്തുണിത്തരങ്ങൾ ഖാദികമ്മീഷന്റേയും ഖാദി ബോർഡിന്റേയും അംഗീകൃത വില്പനശാലകൾവഴി വിറ്റഴിച്ചുവരുന്നു. കൂടാതെ സംസ്ഥാനതല-ജില്ലാതല എക്സിബിഷനുകൾ, സഞ്ചരിക്കുന്ന വില്പനശാലകൾ എന്നിവ മുഖേനയും വിപണനം നടത്തിവരുന്നുണ്ട്.

(ഡി) വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വന്യ ജീവി സമ്പത്ത്

9 [*T299] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ വന്യജീവി സമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ നിലവിലുള്ള സംവിധാനങ്ങൾ വന്യജീവി സംരക്ഷണത്തിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ വനം വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള സംവിധാനം വന്യജീവി സംരക്ഷണത്തിന് പൂർണ്ണമായി പര്യാപ്തമെന്ന് കരുതുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

"T" മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly